**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 315** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആശാ വർക്കർമാർക്ക് അടിസ്ഥാന ശമ്പളവും ഇൻസെന്റീവും നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആശാ വർക്കർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ആശമാർക്ക് ഒരു നിശ്ചിത തുക വേതനമായി നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ നൽകുന്ന 7000 രൂപ പ്രതിമാസ ഓണറേറിയവും, കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ 2022 ഏപ്രിൽ മുതൽ ആശമാർക്ക് പ്രതിമാസം 200 രൂപ ടെലിഫോൺ അലവൻസും നൽകി വരുന്നു. 2015 ജൂലൈ മുതൽ ആശമാർക്ക് ആശാകിരണം ആശ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതു പ്രകാരം 105 രൂപ വാർഷിക പ്രീമിയത്തിൽ 5 ലക്ഷം രൂപയുടെ അപകട മരണത്തിനും, 3 ലക്ഷം രൂപയുടെ പൂർണ്ണ അംഗവൈകല്യത്തിനും, 1 ലക്ഷം രൂപയുടെ ഭാഗീക അംഗവൈകല്യത്തിനും, അപകട/ അസുഖത്തിനോട്ടു അനുബന്ധിച്ച ആശുപത്രി ചെലവിന് 20,000 രൂപയുടെയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2000 രൂപയുടെയും സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000 രൂപയുടെയും ഇൻഷുറൻസ് പരിരക്ഷയാണ് ആശമാർക്ക് നൽകുന്നത്. 2023 -24 സാമ്പത്തിക വർഷത്തിൽ 29 പേർക്ക് ഇൻഷുറൻസ് ക്ലെയിം നൽകിയിട്ടുണ്ട്. ഇതിൽ 20 സാധാരണ മരണങ്ങൾക്കും ഒരു അപകടമരണത്തിനും 8 അപകടങ്ങൾക്കും ക്ലെയിം ലഭ്യമാക്കിയിട്ടുണ്ട്. ആശമാർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി PMJJBY (പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന), PMSBY (പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന), PM-SYM (പ്രധാനമന്ത്രി ശ്രം യോഗി മാൻ ധൻ യോജന) എന്നീ പദ്ധതികളിൽ അംഗങ്ങളാക്കിയിട്ടുണ്ട്, PMJJBY ൽ 13750 ആശമാരും PMSBY ൽ 15050 പേരും PM-SYM ൽ 3550 പേരും അംഗങ്ങളായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ആശമാർക്ക് സംസ്ഥാന സർക്കാർ 7000 രൂപയാണ് പ്രതിമാസ ഹോണറേറിയമായി നല്കുന്നത്. മുൻ വർഷങ്ങളിൽ ആശമാർക്ക് ഹോണറേറിയം കിട്ടിയിരുന്നത് രണ്ടു മാസത്തോളം കാലതാമസം ഉണ്ടായിരുന്നെങ്കിൽ കൃത്യമായ ഇടപെടലുകളുടെ ഭാഗമായി തനത് വർഷത്തിൽ ഇത് 15 ദിവസമെന്ന നിലയിൽ കുറഞ്ഞിട്ടുണ്ട്. ഇതുവരെ 2024 മെയ് മാസം വരെയുള്ള ഹോണറേറിയം എല്ലാ ആശമാർക്കും നൽകിയിട്ടുണ്ട്. |
| (സി) | ആശാ വർക്കർമാർക്ക് അടിസ്ഥാന ശമ്പളവും ഇൻസെന്റീവും നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിൽ ആശാപദ്ധതി 2007 മുതൽ ആണ് നടപ്പിലാക്കിയത്. ഈ പദ്ധതി കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പിലാക്കിയത്. ഇത് പ്രകാരം ആശമാർ അംഗീകൃത സന്നദ്ധ ആരോഗ്യ പ്രവർത്തകരാണ്. അതിനാൽ അടിസ്ഥാന ശമ്പളം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ പ്രതിമാസം 7000 രൂപ ഹോണറേറിയമായി നൽകുന്നു. ഇത് കൂടാതെ വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ആശമാർക്ക് നൽകി വരുന്നത്. ആശമാർക്ക് നൽകുന്ന ഇൻസെൻറീവുകൾ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ചാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ